## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6096** **09-07-2024 - ൽ മറുപടിയ്ക്ക്**

### പെരിങ്ങണ്ടൂര് മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷന് പുതിയ കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വടക്കാഞ്ചേരി മണ്ഡലത്തിലെ പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനായി മെഡിക്കൽ കോളേജ് വികസന സമിതിയുടെ 26.10.2019 ലെ തീരുമാന പ്രകാരം വിട്ടുനൽകുന്ന 20 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (എ) | പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനായി പ്രൊപ്പോസലുകൾ ഒന്നും KSEBL വിതരണ വിഭാഗത്തിന് കീഴിൽ നിലവിലില്ല.<br><br>എന്നാൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ വർദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജിൽ പുതിയ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും, അതിനോടൊപ്പം ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷൻ, മെഡിക്കൽ കോളേജ് സെക്ഷൻ ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനുമായി 20 സെൻറ് സ്ഥലം പാട്ടവ്യവസ്ഥയിൽ മെഡിക്കൽ കോളേജ് അധികൃതർ വിട്ടു നൽകാമെന്ന് 07.12.2022- ൽ ചേർന്ന സംയുക്ത യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. നടപടി ക്രമങ്ങൾ പാലിച്ച് മെഡിക്കൽ കോളേജ് അധികൃതർ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ